# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:4028 27.06.2012 - ൽ മറുപടിക്ക്

### കാളിപ്പാറ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.റ്റി.ജോർജ്** | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| **കാളിപ്പാറ കുടിവെള്ള പദ്ധതിയുടെ ഉത്ഘാടനം എന്നത്തേയ്ക്കു നടപ്പാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?** | തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻ-കര താലൂക്കിൽ ഉൾപ്പെടുന്ന കള്ളിക്കാട് പഞ്ചായത്തിലെ കാളിപ്പാറയിൽ 2006-ൽ പണിപൂർത്തിയായി കഴിഞ്ഞ 36 എംഎൽഡി ശേഷിയുള്ള ജലശുദ്ധീകരണ ശാല അടിസ്ഥാനമാക്കി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള നാലു കുടിവെള്ള പദ്ധതികളിൽ ഒറ്റശേഖരമംഗലം ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി- ഒറ്റശേഖരമംഗലം, കള്ളിക്കാട് എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ട ഘട്ടം I-ഉം, അമ്പൂരി, വെള്ളറട പഞ്ചായത്തുകൾ ഉൾപ്പെട്ട ഘട്ടം II-ഉം, 6/2013-ലും നെയ്യാറ്റിൻകര നഗര ശുദ്ധജല വിതരണ പദ്ധതി 12/2013-ലും പൂർത്തിയാക്കാനുള്ള നടപടികൾ സ്വീ-കരിച്ചു വരുന്നു. എന്നാൽ പാറശാലയ്ക്കും സമീപ വില്ലേജുകൾക്കും മറുകിൽ, മാറനല്ലൂർ വില്ലേജുകൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് വിവിധ ഘടകങ്ങൾ നിർമ്മിക്കാനാവശ്യമായ സ്ഥലം ലഭ്യമായിട്ടില്ല. ആയതിനാൽ ടി സ്ഥലം ലഭ്യമാകുന്നതനുസരിച്ച് പദ്ധതി പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ